**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4394** **28-10-2021 - ൽ മറുപടിയ്ക്ക്**

**കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ കൺസ്യൂമർഫെഡ് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | കോവിഡ്കാല ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിനായി കൺസ്യൂമർഫെഡ് ഭക്ഷ്യശേഖരം 3 ഇരട്ടിയായി വർദ്ധിപ്പിച്ചു. കൺസ്യൂമർഫെഡിൽ നിത്യോപയോഗ സാധനങ്ങളും, അവശ്യ മരുന്നുകളും വീട്ടുപടിക്കൽ എത്തുംവിധം ഹോം ഡെലിവറി സംവിധാനം നടപ്പിലാക്കി. www.consumerfed.in എന്ന വെബ് പോർട്ടൽ ആരംഭിച്ച് ഓൺലൈൻ ആയി ഓർഡറുകൾ സ്വീകരിക്കുകയും സാധനങ്ങൾ ഓൺ ലൈൻ വ്യാപാരത്തിലൂടെ വീടുകളിൽ എത്തിക്കുകയും ചെയ്തു. മൊബൈൽ ത്രിവേണികളുടെ റൂട്ടുകൾ പ്രത്യേകം ഷെഡ്യൂൾ ചെയ്ത് മലയോര തീരദേശ മേഖലകളിലും, കണ്ടെയിന്മെന്റ് സോണുകളിലും അവശ്യ സാധനങ്ങൾ വിതരണം നടത്തി. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ത്രിവേണി സൂപ്പർ മാർക്കറ്റുകൾ, മൊബൈൽ ത്രിവേണികൾ, നീതി മെഡിക്കൽ സ്റ്റോറുകൾ എന്നിവ ഉപഭോക്താക്കൾക്കായി പൂർണ്ണസമയവും അവശ്യസർവ്വീസായി തുറന്ന് പ്രവർത്തിച്ചു. കോവിഡ് വ്യാപനം രൂക്ഷമായ സാഹചര്യത്തിൽ രോഗബാധിതരുൾപ്പെടെ എല്ലാവർക്കും ഉപകരിക്കുംവിധം 10 ഇനം പ്രതിരോധ ഔഷധങ്ങളും, മറ്റ് ഉപാധികളും ഉൾപ്പെടുത്തിയ കിറ്റ് കാര്യമായ വിലക്കുറവിൽ 200 രൂപ നിരക്കിൽ ഉപഭോക്താവിന് ലഭ്യമാകുന്ന തരത്തിൽ ഒരുകോവിഡ് പ്രതിരോധ കിറ്റ് നീതിമെഡിക്കൽ സ്റ്റോറുകൾ വഴി വിതരണം ചെയ്തു. മാസ്ക്, സാനിറ്റൈസർ മുതലായ ഉൽപ്പന്നങ്ങൾ കമ്പനി/വിതരണക്കാരിൽ നിന്നും നേരിട്ട് സംഭരിച്ച് കുറഞ്ഞ നിരക്കിൽ കൺസ്യൂമർഫെഡ് നേരിട്ട് നടത്തുന്ന നീതി മെഡിക്കൽ സ്റ്റോറുകൾ, സഹകരണ സംഘങ്ങൾ നടത്തുന്ന നീതി മെഡിക്കൽ സ്റ്റോറുകൾ എന്നിവ മുഖേന വിതരണം ചെയ്തു. ഓൺലൈനായും, ഫീൽഡ് വർക്ക് നടത്തി ഓർഡർ സ്വീകരിച്ചും സഹകരണ |

| | | | |
|---|---|---|---|
| | | | സംഘങ്ങൾ മുഖേനയും നോട്ട് ബുക്കുകളും മറ്റ് പഠനോപകരണങ്ങളും സ്കൂൾ വർഷാരംഭം വീട്ടുകളിലെത്തിച്ചു. കോവിഡ് കാല ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിനായി കൺസ്യൂമർഫെഡിന്റെ കീഴിലുള്ള എല്ലാ ത്രിവേണി യൂണിറ്റുകളിലും ഉപഭോക്താക്കളുടെ വാട്സ് ആപ്പുകളിലൂടെ അവശ്യ നിത്യോപയോഗ സാധനങ്ങളുടെ ഓർഡർ സ്വീകരിച്ച് വീട്ടുകളിൽ എത്തിച്ച് നൽകി. ക്വാറന്റൈനിൽ ഇരിക്കുന്നവരുടെയും, കണ്ടെയിന്മെന്റ് സോണുകളിൽ താമസിക്കുന്നവരുടേയും, കൂടാതെ ഒറ്റപ്പെട്ട് താമസിക്കുന്ന വൃദ്ധ ജനങ്ങളുടേയും വീട്ടുകളിലേയ്ക്ക് ഭക്ഷ്യ സാധനങ്ങൾ കൺസ്യൂമർഫെഡ് എത്തിച്ചുനൽകി. |
| (ബി) | ഈ വർഷത്തെ ഓണവിപണിയിൽ കൺസ്യൂമർ ഫെഡ് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ? | (ബി) | 2021 ആഗസ്റ്റ് 11 മുതൽ 20 വരെ 10 ദിവസം സംസ്ഥാനത്തെ പ്രത്യേക വിപണന കേന്ദ്രങ്ങൾ വഴി 13 ഇനം നിത്യേപയോഗ സാധനങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നൽകുന്നതിന് സമാനമായ നിരക്കിൽ 2021 ഓണം വിപണി നടത്തുന്നതിന് സർക്കാർ അനുവാദം നൽകിയിരുന്നു. 2021 ഓണം സബ്സിഡി വിപണി ആഗസ്റ്റ് 11 മുതൽ 20 വരെ തീയതികളിൽ 178 ത്രിവേണി സ്റ്റോറുകൾ മുഖേനയും 1751 സഹകരണ സംഘങ്ങളിലൂടേയും ആകെ 1929 വിപണികൾ നടത്തി. ഈ സബ്സിഡി വിപണികളിൽ കൂടി 13 ഇനം നിത്യോപയോഗ സാധനങ്ങൾ സപ്ലൈകോ സമാനമായ സബ്സിഡി നിരക്കിൽ വിൽപന നടത്തി. ഓണക്കാലത്ത് ജനങ്ങൾക്കാവശ്യമായ നിത്യോപയോഗ സാധനങ്ങളും ഗൃഹോപകരണങ്ങളും പൂർണ്ണമായും ഉൾക്കൊള്ളിച്ചു കൊണ്ടുള്ള വിപണികളാണ് സജ്ജമാക്കിയിരുന്നത്. കൂടാതെ ഓണക്കാലത്ത് കൺസ്യൂമർഫെഡിന്റെ 46 മൊബൈൽ ത്രിവേണികൾ മുഖേന സംസ്ഥാനത്തുടനീളം ഭക്ഷ്യപദാർത്ഥങ്ങളും മറ്റും കൂടുതൽ അളവിൽ കൂടുതൽ പ്രദേശങ്ങളിൽ എത്തിച്ച് വിപണനം നടത്തുകയുണ്ടായി. ഓൺലൈൻ വ്യാപാരത്തിലൂടെ ലഭ്യമായ ഓർഡറുകൾക്കനുസരിച്ച് നിത്യോപയോഗ സാധനങ്ങളുടെ വിൽപന വിപുലമാക്കുന്നതിനും വിലക്കയറ്റം തടയുന്നതിനും ,വിപണി സജീവമാക്കി പൊതു ജനങ്ങളുടെ വാങ്ങൽ ശേഷി ആദായകരമാക്കി മാറ്റുന്നതിനും ഓണവിപണികളിലൂടെ സാധ്യമായിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ